LIBRARY ARCHIVES Kerala Legislative Assembly

യൂണിഫോം വിതരണത്തിനുള്ള നടപടികൾ

30 (6995) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കഴിഞ്ഞ വർഷത്തെ (2013-14) യൂണിഫോം വിതരണം പൂർത്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത് ; ഉത്തരവാദികൾ ആരെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നിലവിൽ എസ്.എസ്.എ. പദ്ധതിയിൽ സർക്കാർ സ്കൂളുകളിലെ 1 മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള എ.പി.എൽ. ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് നൽകിവരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി അതേ കാറ്റഗറിയിൽ ഉൾപ്പെടുന്ന എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കുകൂടി അനുവദിച്ചുകൊണ്ട് 29-5-2013-ന് (ജി.ഒ.എസ്) നമ്പർ177/2013/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി 8 കമ്പനികളെ എം-പാനൽ ചെയ്യുകയുണ്ടായി. ഇ-ടെണ്ടർ നടപടിക്രമത്തിലൂടെ കമ്പനികളെ എം-പാനൽ ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമായി വന്നു. ഇക്കാരണത്താൽ പദ്ധതി നടപ്പിലാക്കുവാൻ കാലതാമസം നേരിടുകയുണ്ടായി. കമ്പനികളെ എം-പാനൽ ചെയ്യപ്പെട്ടതിനെത്തുടർന്ന് യൂണിഫോം തുണിത്തരങ്ങൾ എം-പാനൽ ചെയ്യപ്പെട്ട കമ്പനികളിൽ നിന്നോ ഗുണനിലവാരം ഉറപ്പാക്കി മാർക്കറ്റിൽ നിന്നോ സ്കൂളധികാരികൾക്ക് വാങ്ങാമെന്ന് സ.ഉ.(കൈ)നമ്പർ 298/13/തീയതി 19-11-2013 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2013-14-ലെ ആദ്യ സംരംഭം എന്ന നിലയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി യൂണിഫോം വിതരണം അദ്ധ്യയനവർഷം ഒടുവിൽ മാത്രമേ ആരംഭിക്കാൻ കഴിഞ്ഞുള്ളൂ. ആദ്യമായി കൊണ്ടുവന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ.

സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള കരാർ ഏറ്റെടുത്ത കമ്പനികൾ

31 (6996) ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള കരാർ ഏറ്റെടുത്ത കമ്പനികൾ നിശ്ചിത സമയപരിധിക്കുള്ളിൽ യൂണിഫോം വിതരണം നടത്തിയിട്ടുണ്ടോ ; കരാർ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) കരാർ അനുസരിച്ചുള്ള സമയപരിധിക്കുള്ളിൽ യൂണിഫോം വിതരണം ചെയ്യാത്ത കമ്പനികളോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ; ഇവർക്ക് കരാർ പ്രകാരമുള്ള തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ

(സി) യൂണിഫോം വിതരണത്തിൽ മുൻവർഷമുണ്ടായിട്ടുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ വർഷം സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള കരാർ ഏറ്റെടുത്ത കമ്പനികൾ നിശ്ചിത സമയപരിധിക്കുള്ളിൽ യൂണിഫോം വിതരണം നടത്തിയിട്ടില്ല. കരാർ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുന്ന Letter of indent-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കരാർ അനുസരിച്ചുള്ള സമയപരിധിക്കുള്ളിൽ യൂണിഫോം വിതരണം ചെയ്യാത്ത കമ്പനികളോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്. യൂണിഫോം വിതരണം പൂർത്തിയാക്കുന്ന മുറയ്ക്ക് കമ്പനികൾക്ക് കരാർ പ്രകാരമുള്ള തുക നൽകിവരുന്നു.

(സി) 2014-15 വർഷം സ്കൂളുകളിലെ കുട്ടികൾക്ക് യൂണിഫോം SMC മുഖേന വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ സ്കൂളുകളിൽ യഥാസമയം യൂണിഫോം വിതരണം നടത്താത്ത കമ്പനികൾ

32 (6997) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ യൂണിഫോം വിതരണം യഥാസമയം നടക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് യൂണിഫോം വിതരണത്തിനുള്ള കരാർ നൽകിയിട്ടുള്ളത് ;

(സി) യഥാസമയം യൂണിഫോം വിതരണം നടത്താത്ത കമ്പനികൾ ഏതൊക്കെയാണ് ;

(ഡി) കഴിഞ്ഞവർഷം യഥാസമയം യൂണിഫോം വിതരണം നടത്താത്ത കമ്പനികൾക്ക് ഈ വർഷവും കരാർ നൽകാമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ഇ) യഥാസമയം യൂണിഫോം വിതരണം നടത്താത്ത കമ്പനികളെ കരാറിൽനിന്നും ഒഴിവാക്കുമോ ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. 2013-14 വർഷത്തിൽ മഹത്ത് ലാൽ ഇൻഡസ്ട്രീസ് റിമിറ്റഡ്, സുസുക്കി ടെക്സ്റ്റയിൽസ്, ആർ.എസ്.ഡബ്ല്യു.എം., ബൻസ്വാര, എസ്. കുമാർ, എൻ.ടി.സി., അലോക് ഇൻഡസ്ട്രീസ് ലിമിറ്റഡ്, സംഘം ഇന്ത്യ റിമിറ്റഡ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly